# S T JOHN'S ALPS KOLITHATTU

# SCHOOL

# MASTER PLAN

# ST. JOHN'S ALPS KOLITHATTU

# SCHOOL MASTERPLAN- 2025-2026

NAME OF SHOOL : ST.JOHN'S ALPS KOLITHATTU

NAME OF VILLAGE : VAYATHUR

NAME OF PANCHAYATH : ULIKKAL

NAME OF BLOCK : IRIKKUR

NAME OF DISTRICT : KANNUR

NAME OF HEAD MASTER : ABRAHAM MATHEW,PH:9446763744

# ആമുഖം

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്കിൽ ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ കർണാടക അതിർത്തിയോട് ചേർന്നു കിടക്കുന്ന ഒരു ചെറു ഗ്രാമമാണ് കോളിത്തട്ട്. ഈ ഗ്രാമത്തിൽ 1984 ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. ഈ അവികസിത മേഖലയിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും,നാട്ടുകാരുടെയും വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക പുരോഗതിക്ക് വേണ്ടി ഈ സ്കൂൾ പ്രവർത്തിക്കുന്നു. 1984 ൽ ശ്രീ.സി.റ്റി വർഗീസ് ചക്കാലയ്ക്കൽ മാനേജരായി ആരംഭിച്ച സ്കൂൾ ഇപ്പോൾ കോട്ടയം ആസ്ഥാനമായുള്ള കത്തോലിക്കേറ്റ് ആൻഡ് എം.ഡി സ്കൂൾ കോർപ്പറേറ്റ് മാനേജ് മെന്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ മാനേജരായി സേവനം ചെയ്യുന്നത് അഭിവന്ദ്യ ഗബ്രിയേൽ തിരുമേനിയാണ്. 1987–88 വർഷത്തിലാണ് സ്കൂൾ പൂർത്തിയായത് . അന്ന് 1 മുതൽ 4 ക്ലാസുകളിൽ 8 ഡിവിഷനുകൾ ഉണ്ടായിരുന്നു ഇപ്പോൾ ഓരോ ക്ലാസുകൾ മാത്രമാണ് ഉള്ളത് . 1984 മുതൽ 87 ഡിസംബർ 17 വരെ ശ്രീ ജോസ് സൈമൺ ഹെഡ് മാസ്റ്ററായി സേവനം അനുഷ്ടിച്ചിരുന്നു .1987 ഡിസംബർ 18 മുതൽ 94 മെയ് 31 വരെ ശ്രീ ജോർജ് കാവേരി ഹെഡ്മാസ്റ്ററായി. 1:6.94 മുതൽ 31.5.14 വരെ ശ്രീ ജോസ് സൈമൺ വീണ്ടും ഹെഡ്മാസ്റ്ററായി. 10.6.2014 മുതൽ 31.3.2016 വരെ ശ്രീ ടോം മാത്യു ഹെഡ് മാസ്റ്ററായി .

1/4/2016 മുതൽ 31/5/20 വരെ ശ്രീ . അബ്രാഹാം ഒഎ , ഹെഡ്മാസ്റ്റർ ആയി ചുമതലവഹിച്ചു . 1/7/20 മുതൽ 31/5/22 വരെ ശ്രീ. അബ്രാഹാം മാത്യുവും ,1/6/22 മുതൽ 31/5/23 വരെ ശ്രീ. തോമസ് ടി കുര്യനും ഹെഡ്മാസ്റ്റർ ആയി .1/6/23 മുതൽ ശ്രീ. അബ്രാഹാം മാത്യു വീണ്ടും ഹെഡ്മാസ്റ്റർ ആയി ചുമതല വഹിച്ചു പോരുന്നു . കൂടാതെ 2025-26 വർഷത്തിൽ ,ശ്രീമതി . ടിനുമോൾ ബെന്നി ,ശ്രീമതി. അഞ്ജലി KS, ശ്രീമതി ആഞ്ജുമോൾ ജോയ് എന്നിവർ ദിവസ വേതന അടിസ്ഥാനത്തിലും ,ശ്രീമതി. ആതിര സെബാസ്റ്റ്യൻ, ശ്രീമതി ഷാലിയ KS ,എന്നി അദ്ധ്യാപകർ, KG വിഭാഗത്തിലും അധ്യാപകർ ആയി ജോലി ചെയ്തു വരുന്നു

# ST.JOHN'S A.L.P.SCHOOL, KOLITHATTU, KANNUR DISTRICT

## കോളിത്തട്ട്, സെ.ജോൺസ് A.L.P സ്കൂളിന്റെ ചരിത്രം

കണ്ണൂർ ജില്ലയുടെ കിഴക്കുഭാഗത്തായി, ഉളിക്കൽ പഞ്ചായത്തിൽ, കർണ്ണാടക അതിർത്തിയോട് ചേർന്നുകിടക്കുന്ന, ഒരു ചെറുഗ്രാമമാണ് കോളിത്തട്ട് എന്ന പ്രദേശം . ഇവിടെയുള്ളവരുടെ വിദ്യാഭ്യാസ കാര്യത്തിൽ, ഒരു ചിരകാല സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടത്- 1984 - ൽ, ഇവിടെ ഈ സ്കൂൾ സ്ഥാപിതമായതോടെയാണ് . പരേതനായ ശ്രീ. P.C മത്തായി മാസ്റ്റർ, ഇരിക്കൂർ M.L.A ശ്രീ. K.C ജോസഫ് ,അന്നത്തെ വനംവകുപ്പ് മന്ത്രി ആയിരുന്ന ശ്രീ. .K.P നൂറുദ്ദീൻ . എന്നിവരുടെ ശ്രമഫലമായാണ് ഈ സ്കൂൾ ഇവിടെ സ്ഥാപിതമായത്. പരേതനായ ശ്രീ C.T വർഗീസ്ചക്കാലക്കലായിരുന്നു ഈ സ്കൂളി ൻ പ്രഥമ മാനേജർ. അന്ന് ഈ സ്കൂൾ ,കോളിത്തട്ട് സെൻ . ജോൺസ് ഓർത്തഡോക്സ് പള്ളി ഭരണസമിതിയാണ് നോക്കി നടത്തിയിരുന്നത്

1994-ൽ, മലങ്കര ഓർത്തോഡോക്സ് സഭയുടെ കീഴിലുള്ള കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെൻറ് ,ഈ സ്കൂൾ ഏറ്റെടുത്തു . അഭിവന്ദ്യ. തോമസ് മാർ അത്തനേഷ്യസ് തിരുമനസ്സായിരുന്നു അന്നത്തെ മാനേജർ . ഇപ്പോഴത്തെ മാനേജർ, അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തിരുമനസ്സി ൻ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനങ്ങൾ വളരെ ഭംഗിയായി മുൻപോട്ടു പോകുന്നു . സ്കൂൾ സന്ദർശനങ്ങളിലൂടെ, സ്കൂളി ൻ പോരായ്മകൾ നേരിട്ടു മനസ്സിലാക്കി , ഭൌതികസൗകര്യങ്ങൾവർദ്ധിപ്പിക്കുന്നതിനുവേണ്ടി ടോയിലെറ്റ് ബ്ലോക് നിർമിച്ചു തന്നത് ,സ്കൂൾ കെട്ടിടം തേച്ച്, ഗ്രിൽസ് വച്ച് ആടച്ചുറപ്പാക്കിതന്നത് ,കുടിവെള്ള സംവിധാനം മെച്ചപ്പെടുത്തിയത്, കുട്ടികളുടെ പാർക്ക് നിർമ്മിച്ചു തന്നത് , സ്റ്റേജ് നിർമ്മിച്ചു തന്നത് , KG ടീച്ചർക്ക് ശമ്പളം അനുവദിച്ചു തന്നത്, മുതലായ കാര്യങ്ങൾ എല്ലാം ചെയ്തുതന്ന കോർപ്പറേറ്റ് മാനേജ്മെന്റിനെയും ,മാനേജർ അഭിവന്ദ്യ ഗബ്രിയേൽ തിരുമനസ്സിനെയും നന്ദിയോടെ സ്മരിക്കുന്നു . സ്കൂൾ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനുവേണ്ടി, ബഹുമാനപ്പെട്ട ബേബി ജോൺ അച്ചൻ ,സ്കൂൾ കൊ-ഓർഡിനേറ്റർ ആയി ചുമതല വഹിക്കുന്നു . കൂടാതെ സ്കൂൾ ഉൾപ്പെടുന്ന ഇടവക പള്ളിയായ സെൻറ്. ജോൺസ് ഓർത്തഡോക്സ് പള്ളിയിലെ വികാരി , ബഹുമാനപ്പെട്ട ജോബിൻ വർഗീസ് അച്ചനും , പള്ളി ഭരണസമിതി അംഗങ്ങളും സ്കൂളിനോട് സഹകരിച്ച് വരുന്നു .

SCHOOL MAIL-ID alpskolithattu@gmail.com, PHONE NO. - 9446763744.

# Vision

വ്യക്തിത്വ വികാസവും സാമൂഹിക ബോധവും ഉൾക്കൊള്ളുന്ന തലമുറയെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്. ദേശിയ ലക്ഷ്യ സാക്ഷാത്കാരത്തിനായി പൊതു കോർ പാഠ്യ പദ്ധതിക്ക് അനുപൂരകമായി മതേതര ഇന്ത്യയുടെ ലക്ഷപ്രാപ്തിക്കായി സർക്കാർ നിർദേശങ്ങൾക്കനുസരിച്ച് സമൂഹത്തോട് ചേർന്നു നിന്നുകൊണ്ട് ഈ സ്ഥാപനം പ്രവർത്തിക്കുന്നു.ഗ്രാമത്തിന്റെ വികസനത്തിന് സ്കൂളിന്റെ പ്രവർത്തനങ്ങൾ പൂരകമാക്കി എല്ലാ വിഭാഗം ആളുകളുടേയും സഹകരണത്തോടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക,വിദ്യാഭ്യാസ വളർച്ച സ്കൂളിന്റെ മുഖ്യ ലക്ഷ്യമാണ്.

## പ്രതി വർഷം കുട്ടികളുടെ എണ്ണത്തിലുള്ള കുറവിനുള്ള കാരണം

ഗ്രാമത്തിൽ കരിങ്കൽ ക്വാറികൾ, ക്രഷറുകൾ എന്നിവ വർദ്ധിച്ചുവന്നതിനാൽ ചെറുകിട കർഷകരോടും കർഷകതൊഴിലാളികളോടും സ്ഥലങ്ങൾ മുതലാളിമാർ വാങ്ങിയതിനാൽ ധാരാളം കുടുംബാംഗങ്ങൾ താമസം മാറിപ്പോയി. നിലവിൽ 3 ക്രഷറുകൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട് ഇംഗ്ലീഷ് മീഡിയം അൺ എയ്ഡ്സ് വിദ്യാലയങ്ങളുടെ അമിതമായ ആവിർഭാഗവും  കുടുംബങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞ് വരുന്നതും സ്കൂൾ കുട്ടികളുടെ എണ്ണം കുറയുന്നതിന് കാരണമാകുന്നു.

## സാമൂഹിക പങ്കാളിത്തം

പി.ടി.എ ശാക്തീകരണം

സി.പി.ഡി.എ

പുർവ്വവിദ്യാർത്ഥികൾ

ഗൃഹസന്ദർശനം

ജാഗ്രതാ കമ്മിറ്റി

പി.ഇ.സി

ബോധവൽകരണ ക്ലാസുകൾ

കൗൺസിലിംങ്ങ്

സ്കൂൾ വാർഷികം

ആഘോഷദിനങ്ങൾ ജനകീയമാക്കൽ

അമ്മ–വായന

അയൽപക്കലൈബ്രറി

# ഭൗതികാന്തരീക്ഷം

| ഇനം | നിലവിലുള്ളത് | വേണ്ടത് |
|---|---|---|
| ക്ലാസ്മുറി | 8 | ടൈൽസ് [illegible]ണം |
| ടോയലറ്റ് ആൺകുട്ടികൾ | 1 | മെച്ചപ്പെട്ടവ 2 |
| ടോയലറ്റ് പെൺകുട്ടികൾ | 1 | മെച്ചപ്പെട്ടവ 2 |
| കുടി വെള്ളം | ജലനിധി, മഴവെള്ളം സംഭരണി,ടാപ്പ് | ടാപ്പ് സൗകര്യം |
| പ്രധാനഅധ്യാപകമുറി | 1 | അധ്യാപകർക്ക് മുറി |
| ചുറ്റുമതിൽ | – | ചുറ്റുമതിൽ, [illegible] |
| കളിസ്ഥലം | 1 | മെച്ചപ്പെടുത്തണം |
| അടുക്കള ഭക്ഷണശാല | 1 | ഭക്ഷണശാല |

## ഭൗതികം

ക്ലാസ്മുറികൾ (ശിശുസൗഹൃദം,സ്മാർട്ട് ക്ലാസ്റൂം)
ടോയ്‌ലറ്റുകൾ അഡാപ്റ്റഡ്
കളിയുപകരണങ്ങൾ

ഭക്ഷണവിതരണ കേന്ദ്രം

ചുറ്റുമതിൽ

ഹരിത വിദ്യാലയം

ലാബ്,ലാബ് സാമഗ്രികൾ

ലൈബ്രറി സംവിധാനം മെച്ചപ്പെടുത്തൽ

ഐ.ടി.സി സൗകര്യങ്ങൾ,ഇന്റർ നെറ്റ്

പച്ചക്കറി തോട്ടം

കായികക്ഷമതാ കേന്ദ്രങ്ങൾ

## അക്കാദമികം

എസ്.ആർ ജി

ക്ലബ്ബ് പ്രവർത്തനങ്ങൾ

പഠനോപകരണങ്ങളുടെ നിർമ്മാണം

ലൈബ്രറി പ്രവർത്തനങ്ങൾ

ദിനാചരണങ്ങൾ

നിരന്തര വിലയിരുത്തലുകൾ,മോണിറ്ററിംഗ്.

കായിക പരിശീലനം

കായിക പ്രവർത്തി പരിചയം

പഠനപോഷണ പരിപാടി (പിന്നോക്കർക്ക്)

സ്കോളർ ഷിപ്പ് പരീക്ഷകൾ

പഠനയാത്രാഫീൽഡ് ട്രാപ്പ്

വിദഗ്ധ ക്ലാസുകൾ

അധ്യാപക ശാക്തികരണ പരിപാടികൾ.

ഒന്നാം ക്ലാസ് ഒന്നാം തരം

ബ്ലോഗ് വെബ്സൈറ്റ്

1000 സാധ്യായമണിക്കൂർ

പഠനച്ചുവരുകൾ

ഗൃഹസന്ദർശനം

## മാതൃഭാഷ .

പുസ്തക പരിചയം

വാർത്ത വായിക്കൽ

ക്ലാസ് ലൈബ്രറി

സർഗാത്മക രചനകളുടെ മരം

വായനാക്കുറിപ്പുകളുടെ പതിപ്പ്

എന്റെ രചനകൾ

രചനാ മത്സരങ്ങൾ

കൈത്താങ്ങ് (പിന്നോക്കക്കാർക്ക്)

## ഇംഗ്ലീഷ്

സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്

വേഡ് പസിൽ

ഇംഗ്ലീഷ് അസംബ്ലി

സ്പോക്കൺ ഇംഗ്ലീഷ് അവർ (പീരിഡ്)

ഇംഗ്ലീഷ് ന്യൂസ് പേപ്പർ റീഡിംഗ്

## ഗണിതം

ഗണിതകളികൾ

ഗണിതക്യാമ്പ്

ഗണിത ഉപകരണ നിർമ്മാണം

ഗണിത ക്വിസ് മത്സരങ്ങൾ

ഗണിത ലാബ് നിർമ്മാണം

വർക്ക് ഷീറ്റുകൾ

## ശാസ്ത്രം

ശാസ്ത്ര ക്വിസ്

പരീക്ഷണങ്ങൾ

ശാസ്ത്ര പ്രദർശനം

ശാസ്ത്ര ഉപകരണ നിർമ്മാണം

ശാസ്ത്ര ക്യാമ്പ്

ശാസ്ത്രലാബ് നിർമ്മാണം.

## കലാ കായിക പ്രവൃത്തി പരിചയം

ആരോഗ്യബോധവൽക്കരണ ക്ലാസ്

ശില്പശാലകൾ

യോഗ ക്ലാസുകൾ

വിവിധ വസ്തുക്കളുടെ നിർമ്മാണം(ഓല,സ്ട്രോ, കടലാസ്)

നാടൻ പാട്ട്,നാടൻ കളികൾ

ഫൂഡ്ബോൾ കോച്ചിംഗ്

| ക്രമ നമ്പർ | ലക്ഷ്യം | ടാർജറ്റ്ഗ്രൂപ്പ് (ക്ലാസ്/വിഷയം) | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | കുട്ടികൾക്ക് മലയാള ഭാഷ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക | 1,2,3,4,ക്ലാസിലെ എല്ലാ കുട്ടികളും | 1.അസംബ്ലിയിൽ പുസ്തക പരിചയം.<br>2.എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി<br>3.എല്ലാ ദിവസവും വാർത്ത വായിക്കൽ<br>4.കുട്ടികളുടെ സർഗാത്മക രചനകളുടെ മരംനിർമ്മിക്കൽ<br>5 വായനാക്കുറിപ്പുകളുടെ പതിപ്പ് തയ്യാറാക്കൽ<br>6.രചനാമത്സരങ്ങൾ | ജൂൺ മുതൽ ഡിസംബർ വരെ | 4–ാം ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ<br>കോർഡിനേറ്റർ<br>ക്ലാസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| 2 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുക | 2,3,4 ക്ലാസിലെ പിന്നോക്കം നിൽക്കുന്ന കുട്ടികൾ | 1. എല്ലാ ദിവസവും വൈകുന്നേരം അര മണിക്കൂർ സമയം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസ് നൽക്കൽ<br>2. അവരുടെ മികവുകൾ അസംബ്ലിയിൽ അവതരിപ്പിക്കുക.<br>3. മാതൃകാ പരീക്ഷകൾ നടത്തൽ | അക്കാദമിക വർഷം മുഴുവൻ | കോർഡിനേറ്റർ,ഹെഡ്മാസ്റ്റർ | |
| 3 | രസകരമായ ഗണിതപഠനം | 3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. കുസൃതിക്കണക്കുകൾ എല്ലാ ദിവസവും 2 എണ്ണം വീതം<br>2. ഗണിത ക്യാമ്പ്<br>3. ഗണിത ക്വിസ് മത്സരങ്ങൾ മാസത്തിൽ 1 വീതം<br>4. ഗണിത വർക്ക് ഷീറ്റുകൾ നൽകൽ | വർഷം മുഴുവൻ | കോർഡിനേറ്റർ | |
| 4 | ഗണിത ഉപകരണങ്ങൾ പരിചയപ്പെടൽ, നിർമ്മിക്കൽ | 3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. ഗണിത ഉപകരണങ്ങളുടെ നിർമ്മാണം,അളവ്, തൂക്കം<br>2 ഇവ ഉപയോഗിച്ചുള്ള ഗണിത ലാബ്,നിർമ്മാണം | ആഗസ്റ്റ് മാസം | കോർഡിനേറ്റർ & ക്ലാസ് ടീച്ചർ | |

| | | | | | | |
|---|---|---|---|---|---|---|
| 5 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | 3,4, ക്ലാസിലെ എല്ലാ കുട്ടികളും | 1. ശാസ്ത്ര ക്വിസ് മത്സരങ്ങൾ ആഴ്ചയിൽ ഒന്ന്<br>2. അസംബ്ലി യിൽ ഒരു ലഘു പരീക്ഷണം<br>3. ഉപജില്ലാ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കൽ | ജൂൺ മുതൽ ജനുവരി വരെ | | |
| | | | 4. പഠനയാത്രകൾ<br>5. മികച്ച 10 ശാസ്ത്ര പുസ്തകങ്ങളുടെ വായന | ഫെബ്രുവരി മാസം | | |
| 6 | ശാസ്ത്ര അവബോധം വളർത്തുക | 2,3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കൽ<br>2. ശാസ്ത്ര ക്യാമ്പ്<br>3. ശാസ്ത്ര ലാബ് നിർമ്മാണം | മാർച്ച് മാസം. | | |
| 7 | കലാകായിക ശാസ്ത്രമേളകളിൽ മികച്ച പങ്കാളിത്തം വിജയം | കഴിവ് തെളിയിച്ച കുട്ടികൾ | 1. കുട്ടികളുടെ തെരഞ്ഞെടുപ്പ്<br>2. പ്രത്യേക പരിശീലനങ്ങൾ<br>3. സ്കൂൾ തല മേളകൾ | നവംബർ മാസം | പൂർവ്വ വിദ്യാർത്ഥികൾ,ഹെഡ്മാസ്റ്റർ കോർഡിനേറ്റർ | |

| | | | | | | |
|---|---|---|---|---|---|---|
| 8 | കുട്ടികളുടെ ആരോഗ്യശില ങ്ങൾ മെച്ചപ്പെട്ടു ത്തൽ | 1,2,3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. ആരോഗ്യ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക<br>2. യോഗാ ക്ലാസുകൾ<br>3. ഫുഡ്ബോൾ കോച്ചിംഗ് | ജൂൺ മാസം | പി ടി എ<br>എച്ച് എം<br>പൂർവ്വ വിദ്യാർത്ഥി സംഘടന | 5000 |
| 9 | കുട്ടികളുടെ കലാപരമായ കഴിവുകൾ വളർത്തുക | 2,3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. ചിത്രരചനാമത്സരങ്ങൾ മാസത്തിലൊരിക്കൽ നടത്തൽ<br>2. ശില്പശാലകൾ<br>3. വിദ്യാരംഗം സാഹിത്യവേദി | ജൂൺ മുതൽ ഡിസംബർ വരെ | | 1000 |
| 10 | നിർമ്മാണ പ്രവർത്തനങ്ങളിൽ താൽപര്യം വർദ്ധിപ്പിക്കുക പ്രവൃത്തി പരിചയം | 3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. വിവിധ വസ്തുക്കളുടെ നിർമ്മാണം (ഓല,സ്ടേ,കടലാസ്)<br>2. പ്രദർശനം | മാർച്ച് മാസം | കോർഡിനേറ്റർ | 2000 |
| 11 | ജൈവ കൃഷി രീതി പരിശീലിക്കുന്നു | 1,2,3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. സ്കൂളിൽ ജൈവ പച്ചക്കറിത്തോട്ടം.<br>2. വീട്ടിൽ ഒരു പച്ചക്കറി തോട്ടം | ആഗസ്റ്റ് | | |
| 12 | ഇംഗ്ലീഷ് ഭാഷയോട് താല്പര്യം ഉണ്ടാക്കാനും അനായാസം സംസാരിക്കാനും എഴുത്തിലും വായനയിലും | 3,4ക്ലാസസിലെഎല്ലാകുട്ടികളും | 1..സ്പോക്കൻ ഇംഗ്ലീഷ് ക്ലാസ്<br>2. ഇംഗ്ലീഷ് അസംബ്ലീ മാസത്തിൽ ഒന്ന്<br>3. സ്പോക്കൺ ഇംഗ്ലീഷ് അവർ | എല്ലാ മാസവും | | |

| | | | | | | |
|---|---|---|---|---|---|---|
| | പ്രാവീണ്യം നേടുന്നതിനും | | 4.വേഡ് പസിൽ | | | |
| 13 | ഐ ടി പരിശീലനം | 3,4,ക്ലാസിലെ എല്ലാകുട്ടികളും | 1.ടൈപ്പിംഗ് പരിചയപ്പെടുത്തൽ<br>2. I C T സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ക്ലാസുകൾ | വർഷം മുഴുവൻ | | |
| 14 | നാടൻ പാട്ട് ,കളികൾ അന്യം നിന്ന് പോകുന്ന നാടൻ കലാരൂപങ്ങളെ പരിശീലനത്തിലൂടെ വീണ്ടും മുമ്പോട്ട് കൊണ്ടുവരുന്നതിന്. | 1,2,3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. മാസത്തിലൊരിക്കൽ നാടൻ പാട്ടുകൾ അതിന്റെ പൂർണ്ണ രൂപത്തിൽ അവതരിപ്പിക്കാൻ അവസരം നൽകൽ.<br>2. മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | എല്ലാമാസവും | | |
| 15 | കുട്ടികളിലെ പൊതുവിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് | 1,2,3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. എല്ലാ ആഴ്ചയിലും 10 ചോദ്യങ്ങൾ വീതം നൽകുന്നു.<br>2. മാസാവസാനം പരീക്ഷകളിലൂടെ നിലവാരം പരിശോധിക്കൽ | എല്ലാമാസവും | | |
| 16 | മഹാന്മാരെ ക്കുറിച്ച് കൂടുതൽ അറിയുന്നതിന് | 3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. മാസത്തിലൊരിക്കൽ അസംബ്ലിയിൽ ഏതെങ്കിലുമൊരു മഹത് വ്യക്തിയെ ക്കുറിച്ചുള്ള വിവരണം അവതരിപ്പിക്കാൻ അവസരം നൽകുന്നു. | മാസത്തിൽ ഒരിക്കൽ | | |

| | | | | | | |
|---|---|---|---|---|---|---|
| 17 | കുട്ടികളിലെ ശേഖരണ താൽപര്യം വളർത്തുന്നതിന് | 2,3,4 ക്ലാസിലെ എല്ലാ കുട്ടികളും | 1. കുട്ടികൾ ശേഖരിച്ച് വച്ചിട്ടുള്ള പത്ര കട്ടിങ്സ്, തുടങ്ങിയവ പ്രദർശിപ്പിക്കാൻ അവസരം നൽകൽ. | മാർച്ച് മാസം | | |
| 18 | ശാസ്ത്ര ഉപകരണങ്ങളുടെ നിർമ്മാണം | 3,4ക്ലാസിലെ എല്ലാ കുട്ടികളും | 1.കുട്ടികളുടെ പങ്കാളിത്തത്തോടെ നിർമ്മിക്കപ്പെട്ട ഉപകരണങ്ങളിലൂടെ പ്രവർത്തനങ്ങൾ ചെയ്ത് പഠനം കൂടുതൽ ലളിതവും രസകലവുമാക്കുക. | മാർച്ച് മാസം | | |

## മോണിറ്ററിംഗും അവലോകനവും

വിദ്യാർത്ഥികളുടെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ അതാത് സമയത്ത് വിലയിരുത്തി പോരായ്മകൾ പരിഹരിക്കുക, മുന്നോക്കം നിൽക്കുന്ന മികച്ച വിദ്യാർത്ഥികളാക്കുക,പിന്നോക്കക്കാരെ കണ്ടെത്തി അവരെ മുൻനിരയിൽ എത്തിക്കുക എന്നതാണ് മോണിററിംഗും അവലോകനവും ഉദേശിക്കുന്നത്.